"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-ജീവനക്കാര്യം-എറണാകുളം ജില്ലയിലെ രായമംഗലം ഗ്രാമ പഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് ശ്രീ വിനോദ്കുമാർ പി. പി.യ്ക്ക് പൊതുപരിപാടികളിൽ പുല്ലാങ്കുഴൽ കച്ചേരി അവതരിപ്പിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1246/2026/LSGD തീയതി,തിരുവനന്തപുരം, 06-07-2026

---

പരാമർശം:- 1. ശ്രീ. വിനോദ്കുമാർ പി പി. യുടെ 20.02.2026 ലെ അപേക്ഷ

2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07/04/2026 ലെ LSGD/PD/10718/2026-DEB2 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ വകുപ്പിൽ എറണാകുളം ജില്ലയിലെ രായമംഗലം ഗ്രാമ പഞ്ചായത്തിൽ ജൂനിയർ സൂപ്രണ്ടായി സേവനമനുഷ്ഠിക്കുന്ന ശ്രീ. വിനോദ്കുമാർ പി. പി., ടിയാന് ലഭിക്കുന്ന ക്ഷണമനുസരിച്ച് പൊതുചടങ്ങുകളിൽ പുല്ലാങ്കുഴൽ കച്ചേരി നടത്തുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച് സമർപ്പിച്ച പരാമർശം (1) അപേക്ഷ പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് എറണാകുളം ജില്ലയിലെ രായമംഗലം ഗ്രാമ പഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. വിനോദ്കുമാർ പി. പി. ക്ക് അർഹതപ്പെട്ട അവധി ഉപയുക്തമാക്കി പ്രതിഫലം കൈപ്പറ്റാതെയും ഔദ്യോഗിക കൃത്യനിർവഹണത്തിന് തടസ്സമില്ലാതെയും വല്ലപ്പോഴും പൊതുചടങ്ങുകളിൽ പുല്ലാങ്കുഴൽ കച്ചേരി അവതരിപ്പിക്കുന്നതിന്, 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48(1)-ലെ ആദ്യ പ്രൊവിസോയിലെ വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.കെ അനിൽ ജോയ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീ. വിനോദ്കുമാർ പി. പി., ജൂനിയർ സൂപ്രണ്ട്, രായമംഗലം ഗ്രാമ പഞ്ചായത്ത്, എറണാകുളം *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)*
അക്കൗണ്ടന്റ് ജനറൽ, കേരള (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം/തൃശ്ശൂർ

വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്, തിരുവനന്തപുരം

കരുതൽ ഫയൽ (ഇപിബി1/95/2026-LSGD ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 06-07-2026 12:41:39

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി എസ് ന്